# പതിനാലാം കേരള നിയമസഭ
## പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:2473

12.03.2020-ലെ മറുപടി

### ഗ്രാമീണ മേഖലയിൽ പൈപ്പ് ലൈൻ വഴി കുടിവെള്ളം ലഭ്യമാക്കുന്ന പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എ. എൻ. ഷംസീർ<br>,, കെ. ആൻസലൻ<br>പ്രൊഫ.കെ.യു. അരുണൻ<br>ശ്രീ.പി.ടി.എ. റഹീം | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കേരള വാട്ടർ അതോറിറ്റി, ഗ്രാമീണ കുടിവെള്ള വിതരണ ശുചീകരണ ഏജൻസി എന്നിവ വഴി സംസ്ഥാനത്ത് ഗ്രാമീണ മേഖലയിലെ എത്ര ശതമാനം വീടുകൾക്ക് പൈപ്പ്ലൈൻ വഴി കുടിവെള്ളം ലഭ്യമാക്കിയിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ; | (എ) | സംസ്ഥാനത്ത് ഗ്രാമീണ മേഖലയിൽ കേരള വാട്ടർ അതോറിറ്റി മുഖേന ഏകദേശം 22 ശതമാനം വീടുകൾക്കും 2000-2008 കാലയളവിൽ നടപ്പിലാക്കിയ ജലനിധി ഒന്നാം ഘട്ട പദ്ധതിയിലൂടെയും 2012-19 കാലയളവിൽ നടപ്പിലാക്കിയ ജലനിധി രണ്ടാം ഘട്ട പദ്ധതിയിലൂടെയും 6.99% വീടുകൾക്കും പൈപ്പ് ലൈൻ വഴി കുടിവെള്ള കണക്ഷനിലൂടെ ശുദ്ധജലം ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | നിർമ്മാണം പൂർത്തിയായ വിവിധ പദ്ധതികളിലെ ജലലഭ്യത വിനിയോഗിക്കുന്നതിന് മുൻഗണനാടിസ്ഥാനത്തിൽ പ്രവൃത്തികൾ നടക്കുന്നുണ്ടോ; കിഫ്ബി വഴിയുള്ള ഗ്രാമീണ കുടിവെള്ള പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിരുന്നോ; | (ബി) | ഉത്പാദന ഘടകങ്ങൾ പൂർത്തീകരിച്ചതും നിർമ്മാണത്തിലിരിക്കുന്നതുമായ കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ച് പൂർണതോതിൽ ഉപയോഗക്ഷമമാക്കുന്നതിന് മുൻഗണന നൽകുന്നുണ്ട്. കൂടാതെ ജലനിധി പദ്ധതികൾ ജന പങ്കാളിത്തത്തോടെ ആവശ്യാധിഷ്ഠിതമായി രൂപകല്പന പ്രകാരം മുഴുവൻ ഘടകങ്ങളും ( ഹൗസ് കണക്ഷൻ ഉൾപ്പെടെ) പൂർത്തിയാക്കിയാണ് കമ്മിഷൻ ചെയ്യുന്നത്. കിഫ്ബി വഴി നടപ്പിലാക്കുന്ന ഗ്രാമീണ കുടിവെള്ള പദ്ധതികളുടെ പുരോഗതി കേരള വാട്ടർ അതോറിറ്റി, കിഫ്ബി, സംസ്ഥാന സർക്കാർ എന്നീ തലങ്ങളിൽ വിശദമായി വിലയിരുത്തുന്നുണ്ട്. |
| (സി) | ജനസാന്ദ്രത കുറഞ്ഞതും താരതമ്യേന ജലലഭ്യതയുള്ളതുമായ പ്രദേശങ്ങളിൽ പൈപ്പ് ലൈൻ വഴി ജലം എത്തിക്കുന്നതിന്റെ അധികച്ചെലവ് പരിഗണിച്ച് ശാസ്ത്രീയ രീതിയിലുള്ള കിണർ നിർമ്മാണം പ്രോത്സാഹിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; | (സി) | നിലവിൽ ഭൂജലവകുപ്പിൽ പ്ലാൻ ഫണ്ടിലോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഡെപ്പോസിറ്റ് ഫണ്ടിലോ ഉൾപ്പെടുത്തി ഭൂജലവകുപ്പിൽ നിന്നും ശാസ്ത്രീയ പഠനം നടത്തി ജലലഭ്യത അനുസരിച്ച് കുഴൽകിണർ ജലസ്രോതസ്സായിട്ടുള്ള ചെറുകിട കുടിവെള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. 25 മുതൽ 100 കുടുംബങ്ങൾക്ക് വരെ ഇത്തരം പദ്ധതി ഗുണപ്രദമാകുന്നുണ്ട്. |

| ചോദ്യം | | മറുപടി | |
|---|---|---|---|
| (ഡി) | കേന്ദ്ര സർക്കാർ ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിക്കുള്ള വിഹിതം കുറച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഗ്രാമീണ ഭവനങ്ങളിലെല്ലാം കുടിവെള്ളമെത്തിക്കുകയെന്ന ലക്ഷ്യത്തോടെ പ്രഖ്യാപിച്ചിട്ടുള്ള ജൽജീവൽ മിഷന്റെ ധനപങ്കാളിത്തം, നടത്തിപ്പ്, മറ്റ് വ്യവസ്ഥകൾ തുടങ്ങിയവയുൾപ്പെടുന്ന പദ്ധതി രേഖ കേന്ദ്രസർക്കാർ അറിയിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | ജൽ ജീവൻ മിഷൻ പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ചുള്ള ധന പങ്കാളിത്തം, നടത്തിപ്പ്, മറ്റ് വ്യവസ്ഥകൾ എന്നിവ വിശദമാക്കുന്ന പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. 2024-ഓടുകൂടി മുഴുവൻ ഗ്രാമീണ ഭവനങ്ങളിലും ഗാർഹിക കുടിവെള്ള കണക്ഷൻ വഴി പ്രതിദിന ആളോഹരി ജലലഭ്യത 55 ലിറ്റർ എന്ന നിരക്കിൽ ശുദ്ധജലമെത്തിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. മാർഗ്ഗരേഖ പ്രകാരം 50:50 എന്ന അനുപാതത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ